# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.01.2026**

## പ്രധാനവാർത്തകൾ

1. ശാസ്ത്രം , ഗവേഷണം ,ആരോഗ്യം തുടങ്ങിയ മേഖലകളിൽ കേന്ദ്രം കേരളത്തിൽ വലിയതോതിൽ നിക്ഷേപം നടത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ സ്റ്റാർട്ട് അപ്പുകളുടെ ഹബ്ബാകാൻ സംസ്ഥാനത്തിന് കഴിയുമെന്നും പ്രധാനമന്ത്രി.

2. ലോകോത്തര നിലവാരമുള്ള നഗരമായി തിരുവനന്തപുരത്തെ മാറ്റുമെന്ന് പ്രധാനമന്ത്രി. നഗര വികസനത്തിൻറെ പ്രാഥമിക രൂപരേഖ മേയർ വി വി രാജേഷ് പ്രധാനമന്ത്രിക്ക് കൈമാറി.

3. കേരളത്തിലെ ഉൾനാടൻ ജലപാതകളുടെ സമഗ്ര വികസനത്തിന് 1500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ച് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ.

4. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രി നാളെ തുടക്കം കുറിക്കും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയാകും.

PNU TVPM

5. ശബരിമല സ്വർണ്ണ അപഹരണ കേസിൽ മുൻ ശബരിമല അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ മുരാരി ബാബുവിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. തന്ത്രി കണ്ഠരര് രാജീവരുടെ റിമാൻഡ് 14 ദിവസം കൂടി നീട്ടി.

6. ഇന്ത്യ–ന്യൂസിലാൻഡ് ട്വന്റി ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം അല്പസമയത്തിനകം റായ്പുരിൽ ആരംഭിക്കും.

******************************

<u>പ്രധാനമന്ത്രി-തിരുവനന്തപുരം (ഇൻട്രോ)</u>

ശാസ്ത്രം , ഗവേഷണം ,ആരോഗ്യം തുടങ്ങിയ മേഖലകളിൽ കേന്ദ്രം കേരളത്തിൽ വലിയതോതിൽ നിക്ഷേപം നടത്തുന്നതായും ഈ മേഖലകളുടെ ആസ്ഥാന കേന്ദ്രമായി മാറാൻ കേരളത്തിനാകുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. തിരുവനന്തപുരത്ത് വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. കഴിഞ്ഞ 11 വർഷമായി, കേന്ദ്ര സർക്കാർ നഗര അടിസ്ഥാന സൗകര്യങ്ങളിൽ ഗണ്യമായ നിക്ഷേപം നടത്തിവരികയാണന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്തെ വലിയ സ്റ്റാർട്ട്അപ്പ് ഹബ്ബാക്കുന്നതിൻറെ ഭാഗമായുള്ള പദ്ധതിയ്ക്കാണ് ഇന്ന് തുടക്കം കുറിച്ചതെന്നും ശ്രീ.മോദി പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഒരു ദിവസത്തെ സന്ദർശനത്തിനായി രാവിലെ 10.15ഓടെ തിരുവനന്തപുരത്തെത്തിയ പ്രധാനമന്ത്രിയെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. നാല് പുതിയ ട്രയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. നഗര ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി,

RNU TVPM

വഴിയോര കച്ചവടക്കാർക്ക് വേണ്ടിയുള്ള 'പിഎം സ്വനിധി ക്രെഡിറ്റ് കാർഡ്' അദ്ദേഹം പുറത്തിറക്കി. തിരുവനന്തപുരത്തെ സിഎസ്ഐആർ-എൻഐഐഎസ് ടി ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് ഓന്ത്രപ്രണർഷിപ് ഹബ്ബിന്റെ തറക്കല്ലിടലും വേദിയിൽ അദ്ദേഹം നിർവ്വഹിച്ചു. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ അത്യാധുനിക റേഡിയോ സർജറി സെൻററിന് തറക്കല്ലിട്ട പ്രധാനമന്ത്രി പൂജപ്പുര ഹെഡ് പോസ്റ്റ് ഓഫീസ് പുതിയ കെട്ടിടവും ഉദ്ഘാടനം ചെയ്തു.

******************************

## പിഎം.-പുതിയട്രെയിൻ INTRO (ഇൻട്രോ)

നാഗർകോവിൽ - മംഗലാപുരം, തിരുവനന്തപുരം - താമ്പരം, തിരുവനന്തപുരം - ചാർലപ്പള്ളി എന്നീ അമൃത് ഭാരത് എക്സ്പ്രസുകളുടേയും തൃശൂർ ഗുരുവായൂർ പാസഞ്ചർ ട്രെയിനിന്റേയും ഫ്ളാഗ് ഓഫാണ് പ്രധാനമന്ത്രി ഇന്ന് നിർവ്വഹിച്ചത്. പുതിയ ട്രെയിൻ സർവീസുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രവനീത് സിംഗ് ബിട്ടുവും കൊച്ചുവേളിയിൽ നടന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി വി സോമണ്ണയും പങ്കെടുത്തു. തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. അമൃത് ഭാരത് ട്രെയിൻ യാത്ര മെച്ചപ്പെട്ട യാത്രാനുഭവം സമ്മാനിച്ചതായി കൊല്ലത്തു നിന്നുള്ള യാത്രക്കാർ പ്രതികരിച്ചു.

(വോയ്സ്)

******************************

## പിഎം- ബിജെപി യോഗം

പുത്തരിക്കണ്ടം മൈതാനത്തു തന്നെ സംഘടിപ്പിച്ച ബിജെപി പൊതുയോഗത്തിലും ശ്രീ മോദി സംബന്ധിച്ചു. ലോകോത്തര നിലവാരമുള്ള നഗരമായി തിരുവനന്തപുരത്തെ മാറ്റുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

PIU TVPM

തിരുവനന്തപുരം കോർപറേഷൻ തിരഞ്ഞെടുപ്പിൽ ബിജെപിയ്ക്ക് വലിയ വിജയം നൽകിയ തിരുവനന്തപുരത്തെ ജനങ്ങൾക്ക് നന്ദി അറിയിച്ച പ്രധാനമന്ത്രി നഗരത്തിന്റെ വികസനം സംബന്ധിച്ച പ്രാഥമിക രൂപരേഖ മേയർ വി വി രാജേഷിൽ നിന്ന് ഏറ്റുവാങ്ങി. എൻഡിഎ യിൽ ചേർന്ന ട്വന്റി ട്വന്റി ചെയർമാൻ സാബു ജേക്കബുമായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രത്യേക കൂടിക്കാഴ്ച്ച നടത്തി. സന്ദർശനം പൂർത്തിയാക്കി ഉച്ചയോടെ അദ്ദേഹം തമിഴ്നാട്ടിലേയ്ക്ക് പോയി.

******************************

## മുഖ്യമന്ത്രി

പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിച്ച എല്ലാ പദ്ധതികളും കേരളത്തെ സംബന്ധിച്ച് വലിയ പ്രാധാന്യമുള്ളവയാണെന്ന് ചടങ്ങിൽ പങ്കെടുത്ത മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന സർക്കാരിന് ഇത് സന്തോഷകരമായ നിമിഷമാണ്. വരും കാലങ്ങളിലും കേരളത്തോടുള്ള കരുതൽ തുടരുമെന്നും, പല മേഖലകളിലുമുള്ള ആവശ്യങ്ങൾ യഥാസമയം നിറവേറ്റപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

RIU TVPM

******************************

## സിഎസ്ഐആർ

പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്ത സിഎസ്ഐആർ ൻറെ ടെക് നോളജി ആൻറ് ഓന്ത്രപ്രണർഷിപ്പ് ഹബ്ബിൽ ആയുർവേദ ഗവേഷണത്തിനായുള്ള മികവിൻറെ കേന്ദ്രം ഉണ്ടാകുമെന്ന് സിഎസ്ഐആർ ഡയറക്ടർ ജനറൽ ഡോ.എൻ. കലൈ ശെൽവി മാധ്യമങ്ങളോട് പറഞ്ഞു. കേരളത്തിൻറെ പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റാൻ ഇതിലൂടെ സാധിക്കുമെന്നും വ്യത്യസ്ത മേഖകളെ ഉൾക്കൊള്ളിക്കാൻ കഴിയുമെന്നും അവർ വ്യക്തിമാക്കി.

******************************

## സർബാനന്ദ സോനോവാൾൻ (ഇൻട്രോ)

കേരളത്തിലെ ഉൾനാടൻ ജലപാതകളുടെ സമഗ്ര വികസനത്തിന് 1500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ച് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ. ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ മൂന്നാം യോഗത്തിന് കൊച്ചിയിൽ അധ്യക്ഷതവഹിക്കുകയായിരിന്നു അദ്ദേഹം. സംസ്ഥാനത്തെ ഉൾപ്പെടെ രാജ്യത്തെ വിനോദ സഞ്ചാര വികസനത്തിനും ചരക്ക് നീക്കം സുഗമമാക്കുന്നതിനും ജലപാതകളുടെ സാധ്യത പരമാവധി ഉപയോഗിക്കും. ഇന്ത്യയുടെ ബഹുമുഖ ചരക്ക് നീക്കത്തിന് ഉൾനാടൻ ജലപാതകൾ തന്ത്രപരമായ പങ്കാളിത്തം വഹിക്കുന്നതായി കേന്ദ്ര മന്ത്രി പറഞ്ഞു.
(വോയ്സ്)

******************************

## ശബരിമല-ജാമ്യം

ശബരിമല സ്വർണ്ണഅപഹരണ കേസിൽ
മുൻ ശബരിമല അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ മുരാരി ബാബുവിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു.
ശബരിമല സ്വർണ്ണകൊള്ള കേസിൽ ഇതുവരെ അറസ്റ്റിലായവരിൽ ആദ്യമായി ജയിൽമോചിതനാക്കുന്ന വ്യക്തിയാണ് മുരാരി ബാബു. 90 ദിവസം കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിലാണ് സ്വാഭാവിക ജാമ്യം. അതേസമയം തന്ത്രി കണ്ഠരര് രാജീവരുടെ റിമാൻഡ് 14 ദിവസം കൂടി നീട്ടി. തന്ത്രിയെ ഇന്നും കോടതിയിൽ ഹാജരാക്കി. തന്ത്രിയുടെ ജാമ്യാപേക്ഷ ഈ മാസം 28ന് പരിഗണിക്കും.

RNU TVPM

******************************

## തീവ്ര വോട്ടർപട്ടിക

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻ മേലുള്ള

പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം. വിദേശ വോട്ടർമാർ ഫോം 6എ സമർപ്പിക്കണം. അന്തിമ എസ്ഐആർ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും. എട്ട് ലക്ഷത്തി 41,105 പേർ നേരിട്ടും 66,599 പേർ ബിഎൽഎ മാർ വഴിയും പരാതികളും അവകാശ വാദങ്ങളും സമർപ്പിച്ചതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

******************************

## വിഴിഞ്ഞം

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയാകും. വിഴിഞ്ഞത്തെ ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെൻറ് ഹബ് ആക്കാനാണ് ശ്രമമെന്ന് മന്ത്രി വി എൻ വാസവൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

RJUTVPM

******************************

## പി.രാജീവ്

ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ കേരളം 1.18 ലക്ഷം കോടി രൂപയുടെ നിക്ഷേപ താൽപര്യപത്രം ഒപ്പുവെച്ചതായി വ്യവസായ മന്ത്രി പി രാജീവ് . 14 ബില്യൺ യു എസ് ഡോളർ മൂല്യമുള്ള താൽപര്യപത്രങ്ങളാണ് ഒപ്പുവെച്ചത്. അമേരിക്ക, യു കെ, ജർമ്മനി, സ്പെയിൻ, ഇറ്റലി, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ നിന്നുള്ള വിവിധ കമ്പനികളുമായാണ് താല്പര്യപത്രം ഒപ്പിട്ടത്. ചരിത്രത്തിലാദ്യമായാണ് ലോക സാമ്പത്തിക ഫോറത്തിൽ നിന്ന് കേരളം നിക്ഷേപം സമാഹരിക്കുന്നതെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു.

******************************

## മൂന്നാർ-അതിശൈത്യം (ഇൻട്രോ)

മൂന്നാർ വീണ്ടും അതിശൈത്യത്തിന്റെ പിടിയിലേക്ക് അമരുകയാണ്. ചെണ്ടുവരൈ ഉൾപ്പെടെയുള്ള മേഖലകളിൽ താപനില പൂജ്യം ഡിഗ്രി സെൽഷ്യസിലെത്തി. മുൻ വർഷങ്ങളെ അപേക്ഷിച്ച് കടുത്ത തണുപ്പാണ് ഇത്തവണ മൂന്നാറിൽ അനുഭവപ്പെടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

(വോയ്സ്)

******************************

## അനധികൃത ബോർഡുകൾ-കേരള ഹൈക്കോടതി

'വ്യക്തമായ കോടതി നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും സംസ്ഥാനത്തുടനീളമുള്ള പൊതു ഇടങ്ങളിൽ അനധികൃത ബോർഡുകളും പതാകകളും സ്ഥാപിക്കുന്നത് തുടരുന്നതിൽ കേരള ഹൈക്കോടതി വാക്കാൽ അതൃപ്തി പ്രകടിപ്പിച്ചു, സ്ഥിതി ഞെട്ടിപ്പിക്കുന്നതും അസ്വസ്ഥത ഉളവാക്കുന്നതുമാണെന്ന് വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പുനഃപരിശോധനാ ഹർജി പരിഗണിക്കവെ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.

RNU TVPM

******************************

## ക്രിക്കറ്റ്

ഇന്ത്യ–ന്യൂസിലാൻഡ് ട്വന്റി ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നടക്കും. രാത്രി ഏഴു മുതൽ റായ്പുരിലെ ഷഹീദ് വീർ നാരായൺ സിങ് സ്റ്റേഡിയത്തിലാണ് പോരാട്ടം. അഞ്ചു മത്സര പരമ്പരയിലെ ആദ്യ കളിയിൽ ജയം നേടിയ ടീം ഇന്ത്യ, ആധിപത്യം തുടരാനുറച്ചാണ് ഇന്നിറങ്ങുക.

******************************

## സംയോജിത ഫാർമസി കൗണ്ടർ

വിവിധ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഒരിടത്തുനിന്ന് തന്നെ മരുന്നുകൾ ലഭ്യമാക്കാൻ സംയോജിത ഫാർമസി കൗണ്ടർ ഒരുക്കി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി. മന്ത്രി വീണാ

ജോർജിന്റെ നിർദേശപ്രകാരമാണ് സംസ്ഥാനത്ത് ആദ്യമായി മാതൃകാ ഫാർമസി കൗണ്ടർ ആരംഭിക്കുന്നത്. മെഡിക്കൽ കോളേജിൻറെ പഴയ ക്യാഷ്വാലിറ്റിക്ക് സമീപമാണ് പുതിയ കൗണ്ടർ സജ്ജമാക്കിയിരിക്കുന്നത്.

******************************

## സപ്ലൈകോ-സിഗ്നേച്ചർ മാർട്ട്

കോർപ്പറേറ്റ് രീതിയിൽ വില്പനശാലകളോട് കിടപിടിക്കുന്ന അത്യാധുനിക സൗകര്യങ്ങളുമായി സപ്ലൈകോയുടെ 'സിഗ്നേച്ചർ മാർട്ട്" നു തുടക്കമാകുന്നു . ഈ വർഷം തന്നെ എല്ലാ ജില്ലകളിലും ഇത് നിലവിൽ വരും. സബ്സിഡി സാധനങ്ങൾക്ക് പുറമെ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാകുമെന്നതും സിഗ്നേച്ചർ മാർട്ടുകളുടെ പ്രത്യേകതയാണ്.

RNU TVPM

******************************

## പത്തനംതിട്ട-ജില്ലാകളക്ടർ അപകടം

പത്തനംതിട്ട ജില്ലാ കളക്ടറുടെ ഔദ്യോഗിക വാഹനം അപകടത്തിൽപ്പെട്ടു. അപകടത്തിൽ കളക്ടർ എസ്.പ്രേംകൃഷ്ണൻ, ഡ്രൈവർ കുഞ്ഞുമോൻ, ഗൺമാൻ മനോജ് എന്നിവർക്ക് പരിക്കേറ്റു. ഇവരെ പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടേയും പരിക്ക് ഗുരുതരമല്ലെന്നാണ് വിവരം.

******************************

## റിപ്പബ്ലിക് ദിന ആഘോഷം

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. റിപബ്ലിക് ദിന പരേഡിൻറെ ഫുൾ ഡ്രസ് റിഹേഴ്സൽ ഇന്ന് കർത്തവ്യപഥിൽ നടന്നു. ജനുവരി 26 ന് കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. പരേഡിന് സാക്ഷ്യം വഹിക്കാൻ പതിനായിരത്തോളം പ്രത്യേക അതിഥികളെയാണ് ഇക്കുറി ക്ഷണിച്ചിരിക്കുന്നത്. യൂറോപ്യൻ കൗൺസിൽ

പ്രസിഡൻറ് അൻറോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെയറും റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥികളാകും. ദേശീയഗീതമായ "വന്ദേമാതര" ത്തിൻറെ 150-ാം വാർഷികമാണ് ഈ വർഷത്തെ ദിനാഘോഷ പ്രമേയം. റിപ്പബ്ലിക് ദിന പരേഡിൽ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം ഇന്ത്യയുടെ കഥപറച്ചിൽ പാരമ്പര്യങ്ങളും WAVES ൻറെ വീക്ഷണവും നിശ്ചല ദൃശ്യമായി പ്രദർശിപ്പിക്കും.

******************************

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം ബോംബെ ഓഹരി സൂചിക സെൻസെക്സ് 770 പോയിന്റ് ഇടിഞ്ഞ് 81538 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 241 പോയിന്റ് നഷ്ടത്തിൽ 25,048 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കൂടി പവന് 2080 രൂപ വർധിച്ച് ഒരു ലക്ഷത്തി 15,240 രൂപയായി.

******************************

***************

*****

RNU TVPM